"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-എഞ്ചിനീയറിങ് വിഭാഗം-കൊച്ചി കോർപ്പറേഷൻ-VC 05/2025/CRE നമ്പർ വിജിലൻസ് ട്രാപ്കേസിൽ സസ്പെൻഷനിലായ വൈറ്റില സോണൽ ഓഫീസ് ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീമതി സ്വപ്ന.എ സമർപ്പിച്ച സസ്പെൻഷൻ പുനഃപരിശോധന ഹർജി- OA(EKM) No.1448/2025-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ ഉത്തരവ് നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(EWA)വകുപ്പ്**

സ.ഉ.(സാധാ) നം.2843/2025/LSGD    തീയതി,തിരുവനന്തപുരം, 19-11-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.25 ലെ LSGD/PD/13844/2025-VIGC4 നമ്പർ കത്തും അനുബന്ധമായ വിജിലൻസ് സെൻട്രൽ റേഞ്ച് എറണാകുളം DySP-യുടെ 02.05.25-ലെ VC 05/2025/CRE നമ്പർ കത്തും കൊച്ചി കോർപറേഷൻ മേയറുടെ 02.05.25-ലെ ISO/PD8/1922/22 നമ്പർ നടപടി ഉത്തരവും.
2. 20.05.2025ലെ സ.ഉ.(സാധാ)1233/2025/LSGDനം ഉത്തരവ്
3. വിജിലൻസ് (F) വകുപ്പിൽ നിന്നുള്ള 11.07.25-ലെ VIG- F2/278/2025 നമ്പർ കുറിപ്പ്.
4. വിജിലൻസ് ഡയറക്ടറുടെ 15.05.2025-ലെ C4-(VC 05/2025/CRE) 20011/2025/DVACB നമ്പർ കത്ത്.
5. 28.07.2025-ലെ EWA3/92/2025/തസ്വഭവ നമ്പർ കുറ്റപത്രം /കുറ്റാരോപണ പത്രിക.
6. ശ്രീമതി സ്വപ്ന.എ., ബിൽഡിംഗ് ഇൻസ്പെക്ടർ (under Suspension) 15.9.2025-ൽ സമർപ്പിച്ച സസ്പെൻഷൻ പുനഃ പരിശോധന ഹർജി.
7. ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ 23.09.25-ലെ OA(EKM) No.1448/2025-ലെ ഉത്തരവ്.

**ഉത്തരവ്**

കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ വൈറ്റില സോണൽ ഓഫീസ് എഞ്ചിനിയറിംഗ്

വിഭാഗം ബിൽഡിംഗ് ഇൻസ്പെക്ടറായി സേവനം അനുഷ്ഠിച്ചു വന്നിരുന്ന ശ്രീമതി സ്വപ്ന എ. (ഓവർസിയർ ഗ്രേഡ്)-യെ 15000/-രൂപ കൈക്കൂലി വാങ്ങുമ്പോൾ 30/04/2025-ൽ വിജിലൻസ്,എറണാകുളം സെൻട്രൽ റേഞ്ച് യൂണിറ്റ് വിസി-05/2025സിആർഇ നമ്പർ കേസിൽ അറസ്റ്റ് ചെയ്യുകയും, ബഹു. Enquiry Commissioner and Special Judge, തൃശ്ശൂർ കോടതി ടിയാളെ 14 ദിവസത്തേയ്ക്ക് റിമാൻഡ് ചെയ്യുകയും ആയതിനാൽ പ്രകാരം സർക്കാർ ടിയാളെ പരാമർശം 2 പ്രകാരം സസ്പെൻഡ് ചെയ്യുകയുമുണ്ടായി.

2.പരാമർശം 3,4 പ്രകാരമുള്ള വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ടിയാൾക്കെതിരെ KCS(CC&A) Rule 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം 5 പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും ലഭ്യമാക്കുകയുമുണ്ടായി.

3. പരാമർശം 6 പ്രകാരം ശ്രീമതി സ്വപ്ന എ, സസ്പെൻഷനെതിരെ സർക്കാരിൽ അപ്പീൽ സമർപ്പിച്ചിരുന്നു. 30.04.25 മുതൽ ടിയാൾ സസ്പെൻഷനിലാണെന്നും ടിയാൾക്കെതിരെ അച്ചടക്ക നടപടി ആരംഭിച്ചിട്ടില്ലായെന്നും ടി സസ്പെൻഷൻ നീട്ടിക്കൊണ്ടുപോകുന്നത് നിയമവിരുദ്ധമാണെന്നും അതിനാൽ, സസ്പെൻഷൻ റദ്ദാക്കി തിരികെ സർവീസിൽ പ്രവേശിപ്പിക്കണമെന്നും അപ്പീലിൽ അപേക്ഷിച്ചിരുന്നു.

4. ഇതേ ആവശ്യമുന്നയിച്ച് ശ്രീമതി സ്വപ്ന.എ ബഹു. അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുമ്പാകെ OA(EKM) 1448/2025 ഫയൽ ചെയ്യുകയുണ്ടായി. ആയതിൽ ബഹു. അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ "In the facts and circumstances mentioned in the Original Application and also in the Annexure A9,the first respondent is directed to consider and pass orders on Annexure A9, (Appeal/Review Petition submitted by Smt.Swapna.A. after hearing the applicant and also if necessary, after placing it before the Suspension Review Committee, within a period of two months from the date of receipt of the copy of the order" എന്ന് പരാമർശം 7 പ്രകാരം ഉത്തരവായി.

5. ബഹു.അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം 15.9.2025-ൽ ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീമതി സ്വപ്ന എ.-യെ തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട വേളയിൽ പരാമർശം 6-ലെ വാദങ്ങൾ ആവർത്തിക്കുകയും വ്യാജ പരാതിയുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് ട്രാപ്പ് ഒരുക്കിയതെന്നും, പരാതിക്കാരൻ കെട്ടിട നിർമ്മാണ ചട്ടങ്ങൾ അറിയാത്ത Licensed Supervisor ആണെന്നും ടിയാൾ K smart- ൽ സമർപ്പിച്ച അപേക്ഷ മൂന്ന് പ്രാവശ്യം നിരാകരിച്ചതാണെന്നും തുടർന്നും ചട്ടവിരുദ്ധമായി സമർപ്പിച്ചപ്പോൾ പ്ലാനിന്റെ ഹാർഡ്കോപ്പി കൊണ്ടുവന്നാൽ അപാകതകൾ രേഖപ്പെടുത്തി നൽകാമെന്ന് അറിയിച്ചതാണെന്നും ദുരുദ്ദേശമുണ്ടായിരുന്നില്ലെന്നും സർവീസിൽ തിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കണമെന്നും ടിയാൾ അപേക്ഷിച്ചിരുന്നു.

6. ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ 23.09.25-ലെ OA(EKM) No.1448/2025-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. വളരെ ഗുരുതരമായ കുറ്റകൃത്യമാണ് ശ്രീമതി സ്വപ്നയുടെ ഭാഗത്ത് നിന്നും ഉണ്ടായിട്ടുള്ളത്. കൈക്കൂലി വാങ്ങുമ്പോൾ 30.04.2025 രാത്രി 10.30-ന് വിജിലൻസിന്റെ അറസ്റ്റിലാവുകയും 48 മണിക്കൂറിനുമേൽ റിമാന്റിലാവുകയും ചെയ്ത സാഹചര്യത്തിൽ, 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ

ചട്ടം 10 അനുശാസിയ്ക്കുന്ന പ്രകാരമാണ് സർക്കാർ ടിയാളെ 30.04.2025 AN പ്രാബല്യത്തിൽ സസ്പെൻഡ് ചെയ്തിട്ടുള്ളത്. ടിയാൾക്കെതിരെ രജിസ്ററർ ചെയ്ത വിസി-05/2025/സിആർഇ നമ്പർ വിജിലൻസ് കേസിൽ അന്വേഷണം നടന്നു വരികയും;കേസ് അന്വേഷണത്തെ ബാധിക്കുമെന്നതിനാൽ,ടിയാളെ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുന്നത് സംബന്ധിച്ച് സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ശുപാർശ നൽകിയിട്ടുമില്ല. കൂടാതെ, ടിയാൾക്കെതിരെ ചട്ടം 15 പ്രകാരം കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി തുടർന്ന് വരികയുമാണ്.

മേൽ സാഹചര്യത്തിൽ, VC 05/2025/CRE നമ്പർ വിജിലൻസ് ട്രാപ്കേസിൽ സസ്പെൻഷനിലായ വൈറ്റില സോണൽ ഓഫീസ് ബിൽഡിംഗ് ഇൻസ്പെക്ടറായിരുന്ന ശ്രീമതി സ്വപ്ന എ. പരാമർശം 5 പ്രകാരം സമർപ്പിച്ച സസ്പെൻഷൻ പുനഃപരിശോധന ഹർജി (Annexure A9 in OA(EKM)1448/2025) നിരസിച്ച് ഉത്തരവാകുന്നു.

7. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) No.1448/2025-ലെ 23.09.25-ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1. ശ്രീമതി സ്വപ്ന എ (PEN:799319), ഒന്നാം ഗ്രേഡ് ഓവർസിയർ, (കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ വൈറ്റില സോണൽ ഓഫിസ് എഞ്ചിനിയറിംഗ് വിഭാഗം മുൻ ബിൽഡിംഗ് ഇൻസ്പെക്ടർ)(Now under suspension) **(ത.സ്വ.ഭ.വ . പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. അഡ്വക്കേറ്റ് ജനറൽ,കേരള,എറണാകുളം (With Covering letter)
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
4. ചീഫ് എൻജിനിയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
5. അക്കൌണ്ടന്റ് ജനറൽ(ആഡിറ്റ്/ എ&ഇ)
6. വിജിലൻസ് (എഫ് ) വകുപ്പ്
7. വെബ് & ന്യൂ മീഡിയ
8. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 19-11-2025 13:13:16
സെക്ഷൻ ഓഫീസർ